<u>പതിനാലാം കേരള നിയമസഭ</u>

<u>നാലാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1090 — 02.03.2017 ൽ മറുപടിക്ക്

## <u>പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകൾ</u>

| <u>ചോദ്യം</u><br>ശ്രീ.പി.സി.ജോർജ്ജ് | <u>ഉത്തരം</u><br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) പി.ഡബ്ല്യു.ഡി. യുടെ കീഴിൽ എത്ര റെസ്റ്റ് ഹൗസുകൾ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ 149 റസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) അറ്റകുറ്റപ്പണി നടത്താത്തതിനാൽ ഇവയിൽ പലതും ഉപയോഗ ശൂന്യമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികളുടെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവ പരിഹരിച്ച് പൊതുജനങ്ങൾക്കും കൂടി ഉപകാരപ്രദമാക്കുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസുകൾ ഏറ്റവും നല്ല രീതിയിൽ നവീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) റസ്റ്റ് ഹൗസുകളുടെ നിലവിലുള്ള സ്ഥിതി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ച് നേരിട്ട് വിലയിരുത്തി വരുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും 20.01.2017 ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മീറ്റിംഗിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിക്കുകയും റസ്റ്റ് ഹൗസുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനും ജനോപകാരപ്രദമാക്കുന്നതിനും വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് പഠനം നടത്തുന്നതിനും മാർഗ്ഗ നിർദ്ദേശം നൽകുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ഈ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് പൊതുമരാമത്ത് റസ്റ്റ് ഹൗസുകളുടെ ഗുണനിലവാരം വർദ്ധിപ്പിച്ച് പൊതുജന |

ഫലപ്രദമാക്കുന്നതിന് നടപടി സ്വീകരി
ക്കുന്നതാണ്. റസ്റ്റ് ഹൗസുകളിലെ
അനധികൃത താമസവും മറ്റും കണ്ടെത്തി
നടപടി സ്വീകരിച്ചുവരുന്നു. ഓഡിറ്റ്
പരിശോധനയിൽ നിന്നും മറ്റും
കഴിഞ്ഞ പാദത്തിൽ പ്രത്യേക പരിശോധന
നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ
അടിസ്ഥാനത്തിൽ പരാതികൾ പരിഹരിക്കുന്നതിന്
പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു
വരുന്നു.

സെക്ഷൻ ഓഫീസർ